**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1251** **01-02-2024 - ൽ മറുപടിയ്ക്ക്**

**പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ (PUKC State Highway) റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിന് സ്ഥലമെടുക്കുമ്പോൾ, പേരാമ്പ്ര ടൗൺ ഒഴിവാക്കി ബൈപാസ് റോഡ് വഴിയാക്കണമെന്ന ആവശ്യം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) | പുതിയങ്ങാടി - ഉള്ള്യേരി - കുറ്റ്യാടി - ചൊവ്വ റോഡിന്റെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡിനു വീതികൂട്ടി വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്. 07.05.2022 -ൽ പ്രസ്തുത പദ്ധതിയുടെ DPR കിഫ്ബിയിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ DPR പരിശോധന നടത്തി കിഫ്ബിയിൽ നിന്നും 11.07.2022 തീയതിയിൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) നൽകുകയുണ്ടായി. പേരാമ്പ്ര ബൈപ്പാസിന്റെ വിശദാംശങ്ങൾ ഡി.പി.ആറിൽ പരാമർശിച്ചിട്ടില്ലെന്നും ആയതുകൂടി ഉൾപ്പെടുത്തി DPR പരിഷ്കരിക്കണം എന്നും TAR-ൽ നിർദ്ദേശിക്കുകയുണ്ടായി. ഇതിൻപ്രകാരം പേരാമ്പ്ര ബൈപ്പാസിന്റെ അലൈൻമെന്റ് പൊതുമരാമത്തു വകുപ്പ് ഡിസൈൻ വിഭാഗം ആവശ്യപ്പെട്ടതിൻ പ്രകാരം 28/11/2023 തീയതിയിൽ കൈമാറിയിട്ടുണ്ട്. നിലവിൽ പേരാമ്പ്ര ബൈപ്പാസ് റോഡ് പ്രവൃത്തി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി RBDCK മുഖേന നടപ്പിലാക്കി വരുന്നതിനാൽ പ്രസ്തുത പ്രവൃത്തിയിൽ നിന്നും പേരാമ്പ്ര ബൈപ്പാസ് (Ch. 29/200 മുതൽ 31/770 വരെ) ഒഴിവാക്കികൊണ്ടുള്ള കരട് LA Plan ഡിസൈൻ വിഭാഗത്തിൽ നിന്നും 10/01/2024 -ന് KRFB -ക്ക് ലഭ്യമായത് സ്ഥലമേറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതിക്കായി കിഫ്ബിയിലേക്ക് 25/01/2024 -ൽ സമർപ്പിച്ചു. എന്നാൽ DPR പുതുക്കി റീച്ച് –1 -ന്റെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെ അറിയിക്കണമെന്ന് നിർദ്ദേശിച്ച് മടക്കി നൽകുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | നിരവധി കച്ചവട സ്ഥാപനങ്ങൾ ഒഴിപ്പിക്കുന്നത് ഒഴിവാക്കി ബൈപാസ് വഴി റോഡ് നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ; | (ബി) | പുതിയങ്ങാടി - ഉള്ള്യേരി - കുറ്റ്യാടി - ചൊവ്വ റോഡിന്റെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡിനു വീതികൂട്ടി വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. 07.05.2022 -ൽ പ്രസ്തുത പദ്ധതിയുടെ DPR കിഫ്‌ബിയിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ DPR പരിശോധന നടത്തി കിഫ്‌ബിയിൽ നിന്നും 11.07.2022 തീയതിയിൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) നൽകുകയുണ്ടായി. പേരാമ്പ്ര ബൈപ്പാസിന്റെ വിശദാംശങ്ങൾ ഡി.പി.ആറിൽ പരാമർശിച്ചിട്ടില്ലെന്നും ആയതുകൂടി ഉൾപ്പെടുത്തി DPR പരിഷ്കരിക്കണം എന്നും TAR-ൽ നിർദ്ദേശിക്കുകയുണ്ടായി. ഇതിൻപ്രകാരം പേരാമ്പ്ര ബൈപ്പാസിന്റെ അലൈൻമെന്റ് പൊതുമരാമത്തു വകുപ്പ് ഡിസൈൻ വിഭാഗം ആവശ്യപ്പെട്ടതിൻ പ്രകാരം 28/11/2023 തീയതിയിൽ കൈമാറിയിട്ടുണ്ട്. നിലവിൽ പേരാമ്പ്ര ബൈപ്പാസ് റോഡ് പ്രവൃത്തി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി RBDCK മുഖേന നടപ്പിലാക്കി വരുന്നതിനാൽ പ്രസ്തുത പ്രവൃത്തിയിൽ നിന്നും പേരാമ്പ്ര ബൈപ്പാസ് (Ch. 29/200 മുതൽ 31/770 വരെ) ഒഴിവാക്കികൊണ്ടുള്ള കരട് LA Plan ഡിസൈൻ വിഭാഗത്തിൽ നിന്നും 10/01/2024 -ന് KRFB -ക്ക് ലഭ്യമായത് സ്ഥലമേറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതിക്കായി കിഫ്‌ബിയിലേക്ക് 25/01/2024 -ൽ സമർപ്പിച്ചു. എന്നാൽ DPR പുതുക്കി റീച്ച് –1 -ന്റെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെ അറിയിക്കണമെന്ന് നിർദ്ദേശിച്ച് മടക്കി നൽകുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | മലയോര ഹൈവേയുടെ പേരാമ്പ്ര മണ്ഡലത്തിലെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | 1) മുള്ളൻകുന്ന് മുതൽ പെരുവണ്ണാമൂഴി വരെ സ്വകാര്യ വ്യക്തികളിൽ നിന്ന് ഭൂമി ഫ്രീ സറണ്ടറായി ലഭ്യമാക്കുന്നതിനുള്ള നടപടികളും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കയ്യിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>2) പെരുവണ്ണാമൂഴി മുതൽ 28-ാം മൈൽ വരെ പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെട്ട 5.5 കി. മീ. ഭാഗം ടെൻഡർ ചെയ്യുകയും 25/08/2023 തീയതിയിൽ കൂടിയ 46-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ആയതിന് 24/01/2024 തീയതിയിൽ കിഫ്‌ബിയിൽ നിന്നും സാങ്കേതികാനുമതിക്ക് അംഗീകാരം ലഭിച്ചിട്ടുമുണ്ട്. തുടർന്ന് WBS, PED എന്നിവ കിഫ്‌ബിയിൽ സമർപ്പിച്ച് ടെൻഡറിന് അംഗീകാരം ലഭ്യമാക്കുന്നതിനും LoA നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ